

നെഹ്റുവിനെതിരായ പരാമർശത്തിൽ ദലൈലാമ ഖേദം പ്രകടിപ്പിച്ചു

ന്യൂഡൽഹി: ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെതിരെ നടത്തിയ പരാമർശത്തിൽ ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമ ഖേദം പ്രകടിപ്പിച്ചു. നെഹ്റു സ്വാർത്ഥനായിരുന്നുവെന്നും നെഹ്റുവിന് പകരം മുഹമ്മദലി ജിന്ന പ്രധാനമന്ത്രിയായിരുന്നെങ്കിൽ, ഇന്ത്യ-പാക് വിഭജനം നടക്കുമായിരുന്നില്ലെന്നുമായിരുന്നു ദലൈ ലാമ കഴിഞ്ഞ ദിവസം പറഞ്ഞത്.

ഞാൻ പറഞ്ഞത് തർക്കങ്ങളുണ്ടാക്കി. തെറ്റായി പറഞ്ഞിട്ടുണ്ടെങ്കിൽ, ക്ഷമ ചോദിക്കുന്നു. കഴിഞ്ഞത് കഴിഞ്ഞുപോയി. ലാമ പറഞ്ഞു. ഗോവയിലെ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ വിദ്യാർത്ഥികളുമായി നടന്ന സംവാദത്തിനിടെയായായിരുന്നു ദലൈലാമയുടെ വിവാദപരാമർശം.

ഇമ്രാൻ ഖാന്റെ സത്യപ്രതിജ്ഞ 18ന്

ഇസ്ലാമാബാദ്: പാക് പ്രധാനമന്ത്രിയായി മുൻ രാജ്യാന്തര ക്രിക്കറ്റ്താരം ഇമ്രാൻ ഖാൻ ഈ മാസം 18ന് സത്യപ്രതിജ്ഞ ചെയ്യുമെന്ന് അദ്ദേഹത്തിന്റെ പാർട്ടിയായ പാകിസ്ഥാൻ തെഹ്‌രികെ ഇൻസാഫ് (പി.ടി.ഐ) വ്യക്തമാക്കി. ജൂലായ് 25ന് നടന്ന പൊതുതിരഞ്ഞെടുപ്പിൽ പി.ടി.ഐ ഏറ്റവും വലിയ ഒറ്റക്കക്ഷിയായിരുന്നു. അതേസമയം, തന്റെ സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് വിദേശനേതാക്കളെയും താരങ്ങളെയും ക്ഷണിക്കേണ്ടതില്ലെന്ന് ഇമ്രാൻ ഖാൻ നേരത്തെ വ്യക്തമാക്കിയിരുന്നു. ധൂർത്ത് ഒഴിവാക്കാൻ ലളിതമായ ചടങ്ങു മതിയെന്ന് ഇമ്രാൻ തീരുമാനിച്ചതിനെ തുടർന്നായിരുന്നു ഇത്.

2-ാം ക്ലാസുകാരിക്ക് പീഡനം: സ്കൂളിലെ ഇലക്ട്രീഷ്യൻ അറസ്റ്റിൽ

ന്യൂഡൽഹി: ഡൽഹിയിൽ രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയെ സ്കൂളിനുള്ളിൽ വച്ച് ലൈംഗികപീഡനത്തിനിരയായായ സംഭവത്തിൽ സ്കൂളിലെ ഇലക്ട്രീഷ്യൻ രാം ആസ്രേ (37) നെ പൊലീസ് അറസ്റ്റ് ചെയ്തു. ന്യൂഡൽഹി മുനിസിപ്പൽ കൗൺസിൽ സ്കൂൾ വിദ്യാർത്ഥിയാണ് പീഡിപ്പിക്കപ്പെട്ടത്. വൈകിട്ട് സ്കൂൾ വിട്ടുവന്ന കുട്ടി മാതാപിതാക്കളോട് പറഞ്ഞതിനെത്തുടർന്നാണ് പീഡനവിവരം പുറത്തറിയുന്നത്. പിടിയിലായ രാം കഴിഞ്ഞ ഒരുമാസമായി സ്കൂളിൽ ജോലി ചെയ്യുന്നുണ്ടെന്നാണ് വിവരം. ഇയാൾക്കെതിരെ പോക്സോ നിയമപ്രകാരം കേസെടുത്തു.

നീറ്റ് പരീക്ഷ: തീരുമാനം പുനഃപരിശോധിക്കും

ന്യൂഡൽഹി: അഖിലേന്ത്യ മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റ് വർഷത്തിൽ രണ്ട് തവണയാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുമെന്ന് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം അറിയിച്ചു. രണ്ട് തവണയായി പരീക്ഷ നടത്തുന്നത് വിദ്യാർത്ഥികൾക്ക് അധിക സമ്മർദം ഉണ്ടാക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാനവിഭവ ശേഷി മന്ത്രാലയത്തിന് അയച്ച കത്തിൽ വ്യക്തമാക്കിയിരുന്നു. ഈ നിർദേശം മാനിച്ചാണ് പുനഃപരിശോധന. പരീക്ഷ ഓൺലൈൻ ആക്കുമെന്നും നേരത്തെ പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ആദ്യതവണ പരീക്ഷ പൂർണമായി ഓൺലൈനാക്കില്ലെന്നും ആവശ്യമായവർക്ക് എഴുത്ത് പരീക്ഷയും ലഭ്യമാക്കുമെന്ന് നേരത്തേ മന്ത്രാലയം വ്യക്തമാക്കിയിരുന്നു.

എസ്.സി- എസ്.ടി നിയമം 9-ാം പട്ടികയിൽ ഉൾപ്പെടുത്തണം

ന്യൂഡൽഹി: പട്ടികജാതി - പട്ടിക വർഗ പീഡനം തടയൽ നിയമം ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കണമെന്ന് കെ. സോമപ്രസാദ് രാജ്യസഭയിൽ ആവശ്യപ്പെട്ടു. എസ്.സി- എസ്.ടി പീഡനം തടയൽ ഭേദഗതിബിൽ ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്ത് ഏറ്റവുമധികം പിന്നാക്കം നിൽക്കുന്ന ജനവിഭാഗമാണ് ദളിതർ. 67 ശതമാനം ദളിതരും ഭൂരഹിതരാണ്. ദളിത് ജനസംഖ്യയുടെ പകുതിയിലധികം പേരും നിരക്ഷരരും നൂറ്റാണ്ടുകളായി ജാതിവിവേചനത്തിന്റെ ഭീകരമായ പീഡനങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്നവരുമാണ്. ഓരോ ആഴ്ചയിലും ശരാശരി 13 ദളിത് സ്ത്രീകൾ ബലാത്സംഗത്തിന് ഇരയാകുന്നു. സുപ്രീംകോടതിയുടെ അടുത്തിടെയുണ്ടായ വിധിയെത്തുടർന്ന് പൊലീസ് കേസുകൾ രജിസ്റ്റർ ചെയ്യാൻ തയ്യാറാകുന്നില്ലെന്നും സോമപ്രസാദ് ചൂണ്ടിക്കാട്ടി.

സേനയെ പിൻവലിക്കണമെന്ന് ഇന്ത്യയോട് മാലദ്വീപ്

"ഇന്ത്യ തന്ന ഹെലികോപ്റ്ററുകൾ മുമ്പ് ആരോഗ്യരംഗത്ത് വളരെ ഉപയോഗപ്പെട്ടിരുന്നു. എന്നാൽ, അടിസ്ഥാനസൗകര്യങ്ങളിലെ വർദ്ധനയില്ലൂടെ സ്വന്തമായി കാര്യങ്ങൾ ചെയ്യാൻ ഞങ്ങൾ പ്രാപ്തരാണ്."

അഹമ്മദ് മൊഹമ്മദ്,
ഇന്ത്യയിലെ മാലദ്വീപ് അംബാസഡർ

"ഹെലികോപ്റ്ററുകളെ യമീൻ ഇപ്പോൾ ഭയക്കുന്നത്, അവിടെയുള്ള ഇന്ത്യൻ സൈനികരെയാണ്. ചൈനയുമായുള്ള ബന്ധത്തിന് ഇന്ത്യയുടെ സാന്നിദ്ധ്യം തടസമാകുന്നുവെന്നാണ് അവരുടെ ധാരണ."-

അഭിജിത്ത് സിംഗ്,
മുൻ ഇന്ത്യൻ നേവൽ ഓഫീസർ

ന്യൂഡൽഹി: ഇന്ത്യൻമഹാസമുദ്രത്തിലെ ദ്വീപ് രാഷ്ട്രമായ മാലദ്വീപിൽ നിന്ന് ഇന്ത്യൻ സൈനിക ഹെലികോപ്റ്ററുകളെയും സൈനികരെയും പിൻവലിക്കാൻ ഇന്ത്യയോട് മാലദ്വീപ് ആവശ്യപ്പെട്ടു. ഇന്ത്യയും ചൈനയുടെ പിന്തുണയുള്ള മാലദ്വീപിലെ അബ്ദുള്ള യമീൻ സർക്കാരും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാകുന്നതിന്റെ സൂചനകളാണിതെന്നാണ് വിലയിരുത്തൽ.

ഹെലികോപ്റ്ററുകളെ കൂടാതെ, അറ്റകുറ്റപ്പണികൾക്കായുള്ള ജീവനക്കാർ, പൈലറ്റുമാർ എന്നിവരുൾപ്പെടെ 50ഓളം സൈനികരെയാണ് ഇന്ത്യ മാലദ്വീപിൽ നിയോഗിച്ചിട്ടുള്ളത്. എന്നാൽ, ഇക്കഴിഞ്ഞ ജൂണിൽ ഇവരുടെ വിസാകാലാവധി അവസാനിച്ചെങ്കിലും ഇന്ത്യ ഇവരെ തിരിച്ചുവിളിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് അവരെ പിൻവലിക്കണമെന്ന് മാലദ്വീപ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഇന്ത്യ നൽകിയ രണ്ടു സൈനിക ഹോലികോപ്റ്ററുകൾ തങ്ങൾ ആരോഗ്യമേഖലയിലാണ് ഉപയോഗിക്കുന്നതെന്നും ഇനിയതിന്റെ ആവശ്യമില്ലെന്നും തങ്ങൾ സ്വന്തമായി ഉപാധികൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇന്ത്യയിലെ മാലദ്വീപ് അംബാസഡർ അഹമ്മദ് മൊഹമ്മദാണ് ഇന്ത്യയെ അറിയിച്ചത്.

അതേസമയം, ഉപദ്വീപുകളിൽ ഇന്ത്യയും മാലദ്വീപും സംയുക്തമായി നിരീക്ഷണം നടത്തുമെന്നും അഹമ്മദ് പറഞ്ഞു. ദീർഘകാലമായി, സൈനിക, പ്രതിരോധരംഗത്ത് മാലദ്വീപിന് സഹായമായി നിന്നത് ഇന്ത്യയായിരുന്നു. എന്നാൽ, അടുത്തകാലത്തായി മാലദ്വീപിൽ ചൈന റോഡുകളും പാലങ്ങളും വിമാനത്താവളങ്ങളും നിർമ്മിക്കാൻ തുടങ്ങിയതോടെ ഇന്ത്യയും മാലദ്വീപും തമ്മിലുള്ള ആരോഗ്യകരമായ ബന്ധത്തിൽ ഉലച്ചിൽ സംഭവിച്ചിരുന്നു.

എതിരാളികളെ അടിച്ചമർത്തിക്കൊണ്ടുള്ള പ്രസിഡന്റ് അബ്ദുള്ള യമീന്റെ ഭരണരീതികളോടും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനോടും ആദ്യംമുതൽത്തന്നെ ഇന്ത്യ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. മാത്രമല്ല, യമീന്റെ രാഷ്ട്രീയ എതിരാളികളെ ഡൽഹിയിലേക്ക് വിളിച്ചുവരുത്തിയതും യമീൻ സർക്കാരിന് അതൃപ്തിയുണ്ടാക്കിയിരുന്നു.

ഞാൻ മോദി അനുകൂലിയല്ല, വിരോധിയുമല്ല: കമലഹാസൻ

കമലഹാസൻ

ന്യൂഡൽഹി: താൻ മോദി അനുകൂലിയോ, മോദി വിരോധിയോ അല്ലെന്നും രാജ്യത്തിന്റെ വികസനത്തിനാണ് മുൻഗണന നൽകുന്നതെന്നും മക്കൾ നീതി മയ്യം നേതാവും നടനുമായ കമലഹാസൻ പറഞ്ഞു. ദേശീയ മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് കമലഹാസൻ ഇക്കാര്യം വെളിപ്പെടുത്തിയത്.

'മോദിവിരോധിയായിരിക്കുന്നതിൽ കാര്യമില്ല. എനിക്ക് പ്രത്യയശാസ്ത്രത്തിന്റെ അനുകൂലിയോ പ്രതികൂലിയോ ആകാനാണ് താത്പര്യം. അത് രാഹുൽ ഗാന്ധിയോ കമലഹാസനോ രജനികാന്തോ, ആരുതന്നെയാണെങ്കിലും അങ്ങനെയായിരിക്കണം. ഞാൻ രാജ്യത്തെയും വികസനത്തെയുമാണ് അനുകൂലിക്കുന്നത്'- കമലഹാസൻ വ്യക്തമാക്കി.

'എതിർപാർട്ടികൾ ഇല്ലാത്ത രാജ്യസങ്കല്പത്തെ കുറിച്ചാണ് ചിലർ പറയുന്നത്. പക്ഷേ, പ്രതിപക്ഷപാർട്ടിയല്ല, ദാരിദ്ര്യമായിരിക്കണം നമ്മുടെ ശത്രു'-അദ്ദേഹം കൂട്ടിച്ചേർത്തു.

പൊതുമുതൽ നശിപ്പിച്ചാൽ ഇടപെടും: സുപ്രീംകോടതി

സർക്കാരിന്റെ നിയമഭേദഗതികൾക്കായി കാത്തിരിക്കാനാകില്ല

ന്യൂഡൽഹി: രാജ്യത്ത് പ്രതിഷേധങ്ങളുടെ പേരിൽ പൊതുമുതൽ നശിപ്പിക്കുന്ന പ്രവണത അംഗീകരിക്കാനാകില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ഇക്കാര്യത്തിൽ സർക്കാരിന്റെ നിയമഭേദഗതികൾക്കായി കാത്തിരിക്കാനാകില്ലെന്നും കോടതിക്ക് അടിയന്തരമായി ഇടപെടേണ്ടിവരുമെന്നും ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

വിദ്യാസമ്പന്നരായ ആളുകൾ ഉൾപ്പെടെയുള്ളവരാണ് കലാപങ്ങളിൽ ഏർപ്പെടുന്നതെന്നും ഓരോ ആഴ്ചയിലും ഇത്തരം സംഭവങ്ങൾ അരങ്ങേറുന്നുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. മറാത്ത സംവരണ പ്രക്ഷോഭവും എസ്.സി, എസ്.ടി നിയമവുമായി ബന്ധപ്പെട്ട പ്രക്ഷോഭവും ഇത്തരത്തിലുള്ളവയാണ്. ഉത്തരാഖണ്ഡിലെ കാവഡി തീർത്ഥാടനത്തിനിടെ നടന്ന കലാപവും എതിർക്കപ്പെടേണ്ടതാണ്. ഇത്തരം സംഭവങ്ങൾ അവസാനിപ്പിക്കാൻ സർക്കാർ എന്തു നിർദേശമാണ് മുന്നോട്ട് വയ്ക്കുന്നതെന്ന കോടതിയുടെ ചോദ്യത്തിന്, അതിന്റെ ഉത്തരവാദിത്തം ഉയർന്ന പൊലീസ് ഉദ്യോഗസ്ഥർക്കുമേൽ ചുമത്തുകയാണ് വേണ്ടതെന്ന അറ്റോർണി ജനറൽ കെ.കെ വേണുഗോപാൽ മറുപടി നൽകി. ഇതു സംബന്ധിച്ച് സർക്കാർ നിയമഭേദഗതിക്ക് ശ്രമിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. പൊതു, സ്വകാര്യമുതലുകൾ നശിപ്പിക്കപ്പെട്ടാൽ, പ്രതിഷേധം സംഘടിപ്പിക്കുന്നവർക്ക് വ്യക്തിപരമായി ഉത്തരവാദിത്തമുണ്ടായിരിക്കുമെന്ന 2009ലെ സുപ്രീംകോടതി നിർദേശം കർശനമായി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി സമർപ്പിച്ച ഹർജിയിൽ വാദം കേൾക്കുകയായിരുന്നു കോടതി. ഹർജിയിൽ വിധി പറയുന്നതു മാറ്റി.

രാജീവ് ഗാന്ധി വധക്കേസ്

പ്രതികളെ വിട്ടയയ്ക്കില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി വധക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ഏഴ് പ്രതികളെ വെറുതേവിടണമെന്ന തമിഴ്നാട് സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ തള്ളി. തമിഴ്നാടിന്റെ ആവശ്യം അംഗീകരിക്കാനാകില്ലെന്ന് കേന്ദ്രം സുപ്രീംകോടതിയെ അറിയിച്ചു. പ്രതികളെ വിട്ടയയ്ക്കുന്നതിൽ സമ്മതം അറിയിച്ച തമിഴ്നാട് സർക്കാർ 2016ൽ നൽകിയ കത്തിൽ നിലപാടു വ്യക്തമാക്കാൻ സുപ്രീംകോടതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു.

രാജ്യത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത കൊടുംക്രൂരതയാണ് രാജീവ് ഗാന്ധിയുടെ വധമെന്ന് ചൂണ്ടിക്കാട്ടിയ കേന്ദ്രം, പ്രതികളെ വെറുതേ വിട്ടാൽ, അത് തെറ്റായ, അപകടകരമായ കീഴ്‌വഴക്കം ഉണ്ടാക്കുമെന്നും വ്യക്തമാക്കി. ജസ്റ്റിസുമാരായ രഞ്ജൻ ഗോഗോയ്, നവീൻ സിൻഹ, കെ.എം ജോസഫ് എന്നിവരുടെ മൂന്നംഗ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അഡിഷണൽ സോളിസിറ്റർ ജനറൽ പിങ്കി ആനന്ദാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് അറിയിച്ചത്. കേസിൽ ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന മുരുകൻ, ശാന്തൻ, പേരറിവാളൻ, ജയകുമാർ, റോബർട്ട് പയസ്, പി. രവിചന്ദ്രൻ, നളിനി എന്നിവരുടെ ശിക്ഷ ഇളവാണ് തമിഴ്നാട് ആവശ്യപ്പെട്ടത്.

"അതിനിഷ്ഠൂരമായ ബോംബ് സ്ഫോടനത്തിൽ നിഷ്കളങ്കരായ 16 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. പലർക്കും അതീവഗുരുതരമായി പരിക്കേറ്റു. ഒരു സ്ത്രീയെ മനുഷ്യംബോംബായി ഉപയോഗിച്ചുവഴി അസാധാരണമായ ക്രൂരതയാണ് പ്രതികൾ ചെയ്തത്." തമിഴ്നാടിനയച്ച കത്തിൽ കേന്ദ്രം പറയുന്നു.

തൂക്കുകയറിൽനിന്ന് ജീവപര്യന്തത്തിലേക്ക്

1991 മേയ് 21ന തമിഴ്നാട്ടിലെ ശ്രീപെരുംപുത്തൂരിൽ എൽ.ടി.ടി.ഇയുടെ ചാവേർ ബോംബാക്രമണത്തിലാണ് രാജീവ് ഗാന്ധി വധിക്കപ്പെട്ടത്. 41 പ്രതികളുണ്ടായിരുന്ന കേസിൽ 26 പേർക്കും പ്രത്യേക ടാഡ കോടതി 1998ൽ വധശിക്ഷ വിധിച്ചിരുന്നു. ഇതിൽ, മുരുകൻ, ശാന്തൻ, പേരറിവാളൻ, നളിനി എന്നിവരുടെ വധശിക്ഷ ശരിവച്ച സുപ്രീംകോടതി, 1999 മേയിൽ 19 പേരെ വിട്ടയച്ചു. എന്നാൽ, മുരുകൻ, ശാന്തൻ, പേരറിവാളൻ എന്നിവരുടെ വധശിക്ഷ അനിശ്ചിതമായി വൈകിയതിനാൽ, 2014 ഫെബ്രുവരി 18ന സുപ്രീംകോടതി ഇതു ജീവപര്യന്തമായി കുറച്ചു. രാജീവ് ഗാന്ധിയുടെ വിധവ സോണിയ ഗാന്ധിയുടെ അപേക്ഷ പ്രകാരം നളിനിയുടെ വധശിക്ഷ 2000 ഏപ്രിലിൽ തമിഴ്നാട് ഗവർണർ ജീവപര്യന്തമായി കുറച്ചിരുന്നു.

പരിപൂർണ വിജയമായി മഴക്കാല സമ്മേളനം കൊടിയിറങ്ങി

▶ പ്രസൂൻ എസ്.കണ്ടത്ത്

ന്യൂഡൽഹി: നിയമനിർമ്മാണത്തിനും ക്രിയാത്മക ചർച്ചയ്ക്കും വിധേയമായെന്ന ഖ്യാതിയിൽ പാർലമെന്റിന്റെ മഴക്കാല സമ്മേളനത്തിന് കൊടിയിറങ്ങി. ജൂലായ് 18ന് തുടങ്ങിയ സമ്മേളനത്തിലെ 17 സിറ്റിംഗിൽ ലോക്സഭ 118 ശതമാനവും രാജ്യസഭ 68 ശതമാനവും പ്രവർത്തന നിരതമായതാണ് നേട്ടം.

പ്രധാനമന്ത്രി നരേന്ദ്രമോദി സർക്കാരിനെതിരെ വന്ന ആദ്യ അവിശ്വാസ പ്രമേയം പരാജയപ്പെട്ടതും പുതിയ രാജ്യസഭാ ഉപാദ്ധ്യക്ഷനെ തിരഞ്ഞെടുത്തതും സമ്മേളനത്തിന്റെ സവിശേഷതയാണ്. അസാം പൗരത്വ രജിസ്റ്റർ അടക്കം ചില വിഷയങ്ങളിലെ പ്രതിഷേധങ്ങൾ സമ്മേളനത്തിൽ കല്ലുകടിയുമായി. എം.കരുണാനിധിയുടെ നിര്യാണത്തിൽ അനുശോചിച്ച് ഒരു ദിവസം നടപടികൾ ഒഴിവാക്കി.

പൂർണമായി പ്രതിഷേധത്തിൽ ഒലിച്ച മുൻസമ്മേളനത്തെ വച്ച് മഴക്കാല സമ്മേളനവും തടസപ്പെടുമെന്ന് പ്രതീക്ഷിച്ച മാദ്ധ്യമങ്ങൾക്കാണ് തെറ്റിയതെന്ന് രാജ്യസഭാ ഉപാദ്ധ്യക്ഷൻ വെങ്കയ്യ നായിഡു പറഞ്ഞു. മുത്തലാഖ് ഒഴികെ പ്രധാനപ്പെട്ട ബില്ലുകൾ പാസാക്കാൻ കഴിഞ്ഞത് സർക്കാരിന് നേട്ടമായി.

ആകെ അവതരിപ്പിച്ച ബില്ലുകൾ: 22
(ലോക്സഭ 21, രാജ്യസഭ 1)
പാസായ ബില്ലുകൾ: ലോക്സഭ: 21, രാജ്യസഭ 14
രണ്ടു സഭകളിലുമായി പാസായത് 20 ബില്ലുകൾ

അവിശ്വാസ പ്രമേയം

ആന്ധ്രയ്ക്ക് പ്രത്യേക പദവി നൽകാത്തത് ചൂണ്ടിക്കാട്ടി ടി.ഡി.പിയുടെ ശ്രീനിവാസ് കെസിനേനിയുടെ കൊണ്ടുവന്ന അവിശ്വാസ പ്രമേയം ഒരു ദിവസം നീണ്ട ചർച്ചയ്ക്കൊടുവിൽ 135നെതിരെ 330 വോട്ടുകൾക്ക് പരാജയപ്പെടുത്തി സർക്കാർ ശക്തി തെളിയിച്ചു.

പുതിയ ഉപാദ്ധ്യക്ഷൻ

പ്രൊഫ. പി.ജെ.കുര്യൻ വിരമിച്ച ഒഴിവിൽ ബീഹാറിൽ നിന്നുള്ള ജെ.ഡി.യു എം.പി ഹരിവംശ് നാരായൺ രാജ്യസഭാ ഉപാദ്ധ്യക്ഷനായത് പ്രതിപക്ഷ സ്ഥാനാർത്ഥി കോൺഗ്രസിന്റെ ബി.കെ. ഹരിപ്രസാദിനെ 125-105 വോട്ടിന് തോൽപ്പിച്ച്. സഭയിൽ നടന്നത് ഭരണ-പ്രതിപക്ഷങ്ങളുടെ രാഷ്ട്രീയ ബലാബല പരീക്ഷണം.

പാസായ സുപ്രധാന ബില്ലുകൾ

സുപ്രീംകോടതിയുടെ വിവാദവിധി മയപ്പെടുത്തി ദളിത് പീഡനകേസുകളിൽ ഉടൻ നടപടിയുറപ്പാക്കുന്ന ഭേദഗതി പാസാക്കാൻ കഴിഞ്ഞത് നേട്ടമായി. പിന്നാക്ക കമ്മിഷന് ഭരണഘടനാ പദവി നൽകുന്ന ഭരണഘടനാ ഭേദഗതിയും പസാക്കി.

മറ്റു പ്രധാന ബില്ലുകൾ

മനുഷ്യക്കടത്ത് തടയൽ ബിൽ, കൈക്കൂലി നൽകുന്നവരും പ്രതികളാകുന്ന ബിൽ, സാമ്പത്തിക കുറ്റവാളികളെ പിടിക്കാനുള്ള ബിൽ, പിഞ്ചുകുട്ടികളെ മാനഭംഗപ്പെടുത്തുന്ന പ്രതികൾക്ക് വധശിക്ഷയ്ക്കുള്ള ബിൽ, ചെക്കു മടങ്ങിയാൽ 20ശതമാനം നഷ്ടപരിഹാരം ലഭിക്കുന്ന ബിൽ, ആറ് ഓർഡിനൻസുകളും ബില്ലുകളായി വന്നു.

മുത്തലാഖ് ബിൽ അടുത്ത സമ്മേളനത്തിൽ

ന്യൂഡൽഹി: രാജ്യസഭയുടെ പരിഗണനയിലുള്ള മുത്തലാഖ് ബിൽ പാസാക്കാതെയാണ് ഇന്നലെ പാർലമെന്റിന്റെ വർഷകാല സമ്മേളനം പിരിഞ്ഞത്. ബിൽ അവസാന ദിവസം പാസാക്കാൻ ലക്ഷ്യമിട്ട് വിവാദ വ്യവസ്ഥകൾ കേന്ദ്രസർക്കാർ ഭേദഗതി ചെയ്തെങ്കിലും പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കാൻ കഴിഞ്ഞില്ല.

മുത്തലാഖ് ക്രിമിനൽ കുറ്റമാക്കുന്ന ബിൽ കഴിഞ്ഞ വർഷം ലോക്സഭയിൽ അവതരിപ്പിച്ച് പാസാക്കിയതാണ്. എന്നാൽ ബില്ലിലെ ജാമ്യ വ്യവസ്ഥകൾ അടക്കമുള്ള വകുപ്പുകളെ പ്രതിപക്ഷം എതിർത്തിരുന്നു. എതിർപ്പു മറികടന്നാണ് സർക്കാർ ഭൂരിപക്ഷമായ ലോക്സഭയിൽ ബിൽ പാസായത്.

കേന്ദ്രസർക്കാർ ന്യൂനപക്ഷമായ രാജ്യസഭയിൽ ബിൽ പാസാക്കൽ എളുപ്പമല്ലെന്ന് മനസിലാക്കിയ സർക്കാർ സമ്മേളനം തീരുന്നതിന്റെ തലേദിവസം ധൃതി പിടിച്ച് മന്ത്രിസഭാ യോഗത്തിൽ വിവാദ ഭേദഗതികളിൽ മാറ്റം വരുത്തിയിരുന്നു.

പൊലീസിൽ കേസു നൽകുന്നത് വിവാഹമോചനം ലഭിച്ച സ്ത്രീ അല്ലെങ്കിൽ അടുത്ത ബന്ധു ആയിരിക്കണം, ഉപേക്ഷിച്ച ഭർത്താവ് പിന്നീട് വിട്ടുവീഴ്ചയ്ക്ക് തയ്യാറായാൽ കേസ് പിൻവലിക്കൽ, ഭാര്യയുടെ പരാതിയിൽ തലാഖ് ചൊല്ലിയ ഭർത്താവിന് ജാമ്യം നൽകാൻ മജിസ്ട്രേട്ടിനുള്ള അധികാരം എന്നിവയാണ് വ്യാഴാഴ്ചത്തെ മന്ത്രിസഭാ യോഗം വരുത്തിയ ഭേദഗതികൾ.

പ്രതിപക്ഷവുമായി സമവായമുണ്ടാക്കാൻ കഴിയാത്തതിനാൽ ബിൽ നടപ്പു സമ്മേളനത്തിൽ പരിഗണിക്കുന്നില്ലെന്ന് ഇന്നലെ രാജ്യസഭാ അദ്ധ്യക്ഷൻ വെങ്കയ്യ നായിഡു പറഞ്ഞു. ഉച്ചയ്ക്കു ശേഷം ബിൽ പരിഗണിക്കാൻ സർക്കാർ ശ്രമിച്ചിരുന്നു.

പ്രധാനമന്ത്രിയുടെ കളിയാക്കൽ രേഖയിലില്ല

ന്യൂഡൽഹി: രാജ്യസഭയിൽ ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പിനു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗത്തിലെ പരാമർശം പ്രതിപക്ഷത്തിന്റെ പരാതിയെ തുടർന്ന് അദ്ധ്യക്ഷൻ വെങ്കയ്യ നായിഡു നീക്കം ചെയ്തു.

പ്രതിപക്ഷ സ്ഥാനാർത്ഥിയും കോൺഗ്രസ് എം.പിയുമായ ബി.കെ. ഹരിപ്രസാദിനെ കളിയാക്കുന്ന രീതിയിൽ നടത്തിയ പരാമർശത്തെ ആർ.ജെ.ഡി അംഗം മനോജ് ഝാ ക്രമപ്രശ്നമായി ഉന്നയിച്ചിരുന്നു. തുടർന്നാണ് പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യാൻ അദ്ധ്യക്ഷൻ ആവശ്യപ്പെട്ടത്.

റാഫേൽ ഇടപാട്: പ്രതിഷേധം നയിച്ച് സോണിയ

ന്യൂഡൽഹി: റാഫേൽ യുദ്ധവിമാന ഇടപാടിൽ സർക്കാരിനെ പ്രതിരോധത്തിലാക്കാൻ ലക്ഷ്യമിട്ട് കോൺഗ്രസ് ഇന്നലെ പാർലമെന്റ് വളപ്പിലെ ഗാന്ധി പ്രതിമയ്ക്കു മുന്നിൽ പ്രതിഷേധ ധർണ സംഘടിപ്പിച്ചു. ആരോഗ്യകാരണങ്ങളാൽ പ്രതിഷേധ പരിപാടികളിൽ നിന്നു വിട്ടുനിൽക്കാറുള്ള യു.പി.എ അദ്ധ്യക്ഷ സോണിയാ ഗാന്ധിയാണ് ഇന്നലെ ധർണ നയിച്ചത്. കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി ഛത്തീസ്ഗഡിൽ പാർട്ടി പരിപാടിയിൽ പങ്കെടുക്കാൻ പോയതിനാൽ സോണിയ നേതൃത്വം ഏറ്റെടുക്കുകയായിരുന്നു. വിമാന കമ്പനിക്ക് ലാഭമുണ്ടാക്കാൻ കൂടുതൽ വിലയ്ക്ക് ഇടപാട് നടത്തിയെന്നും പരിചയമില്ലാത്ത കമ്പനിക്ക് നിർമ്മാണ കരാർ നൽകിയെന്നുമാണ് കോൺഗ്രസ് ഉയർത്തുന്ന ആരോപണം. മുൻ പ്രതിരോധമന്ത്രിയും പ്രവർത്തക സമിതി അംഗവുമായ എ.കെ.ആന്റണി, രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് ഗുലാം നബി ആസാദ്, അംബികാ സോണി തുടങ്ങിയ മുതിർന്ന നേതാക്കളെല്ലാം ധർണയിൽ പങ്കെടുത്തു.

വിവിധം

മോട്ടോർ വെഹിക്കിൾ ചെക്ക്പോസ്റ്റിൽ നിന്ന് പണം പിടിച്ചു

തിരുവനന്തപുരം: മോട്ടോർ വെഹിക്കിൾ ചെക്ക്പോസ്റ്റിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽപ്പെടാത്ത പണം കണ്ടെത്തി. ഇന്നലെ പുലർച്ചെ 4ന് വാളയാർ ഇൻ മോട്ടോർ വെഹിക്കിൾ ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനയിലാണ് 7230 രൂപ കണ്ടെടുത്തത്.

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ ആറു ഉദ്യോഗസ്ഥരാണ് ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്നത്. ഇവർക്കെതിരെ വകുപ്പ്തല നടപടിക്ക് ശുപാർശ ചെയ്യും. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. പാലക്കാട് വിജിലൻസ് യൂണിറ്റ് പൊലീസ് ഇൻസ്പെക്ടർ എം.ശശിധരന്റെ നേതൃത്വത്തിൽ എ.എസ്.ഐ ബി.സുരേന്ദ്രൻ, സിവിൽ പൊലീസ് ഓഫീസർമാരായ മനോജ്കുമാർ, രമേശ്, പ്രമോദ്, രതീഷ് എന്നിവരാണ് പരിശോധന നടത്തിയത്.

പൊൻമുടി മ്ലാവ് വേട്ട: പോസ്റ്റ്മാസ്റ്റർ പിടിയിൽ

മനു

കുളത്തൂപ്പുഴ: പൊന്മുടി പൊലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ ഉൾപ്പെട്ട സംഘത്തോടൊപ്പം മൃഗവേട്ട നടത്തിയ കേസിലെ പ്രതി മടത്തറ കൊല്ലായിൽ പോസ്റ്റ് ഓഫീസിലെ പോസ്റ്റ് മാസ്റ്റർ മനുവിനെ (38) വനപാലകർ അറസ്റ്റ് ചെയ്തു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

കഴിഞ്ഞ ഞായറാഴ്ചയാണ് ഗ്രേഡ് എസ്.ഐ അയൂബ്, സിവിൽ പൊലീസ് ഓഫീസർ രാജീവ്, പൊലീസ് ഡ്രൈവർ വിനോദ്, അയൂബിന്റെ സഹോദരീ പുത്രന്മാരും ഓന്തുപച്ച സ്വദേശികളുമായ സജീർ, സമീർ, ഭാര്യാ സഹോദരൻ വിതുര ആനപ്പെട്ടി സ്വദേശി നിഷാദ് എന്നിവരോടൊപ്പം പൊലീസ് ജീപ്പിൽ മനു വേട്ടയ്ക്കിറങ്ങിയത്. പൊന്മുടി 21 -ാം മൈലിൽ പാതയോരത്ത് നിന്ന മ്ലാവിനെ മനു വെടിവച്ചിടുകയായിരുന്നു. സജീർ, സമീർ, നിഷാദ് എന്നിവരെ വനപാലകർ അറസ്റ്റ് ചെയ്തെങ്കിലും മറ്റുള്ളവർ ഒളിവിൽ പോയി. പ്രതികൾക്ക് വേണ്ടി അന്വേഷണം വ്യാപിപ്പിക്കുന്നതിനിടയിലാണ് മനു പടിയിലായത്. മ്ലാവിനെ വെടിവയ്ക്കാനുപയോഗിച്ച ഇരട്ടക്കുഴൽ തോക്കും വനപാലകർ കസ്റ്റഡിയിലെടുത്തു. പ്രതികൾ സഞ്ചരിച്ച പൊലീസ് ജീപ്പ് വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് ആഭ്യന്തര വകുപ്പിന് തിരുവനന്തപുരം ഡി.എഫ്.ഒ കത്ത് നൽകിയെങ്കിലും നടപടിയുണ്ടായിട്ടില്ല.

കേസിൽ കൂടുതൽ ആളുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പൊലീസ് സംശയിക്കുന്നു. ഒളിവിലുള്ള പ്രതികളെ പിടികൂടിയാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുകയുള്ളൂ എന്ന് സെക്ഷൻ ഫോറസ്റ്റർ സുനിൽകുമാർ പറഞ്ഞു.

കാരുണ്യ പ്ലസ്: 80 ലക്ഷം ബാങ്ക് മാനേജർക്ക്

പാറശാല: കാരുണ്യ പ്ലസ് ഭാഗ്യക്കുറി നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായ 80 ലക്ഷം ധനലക്ഷ്മി ബാങ്കിന്റെ ഉദിയൻകുളങ്ങര ബ്രാഞ്ചിലെ അസിസ്റ്റന്റ് മാനേജർ തിരുവനന്തപുരം ശ്രീവരാഹത്തെ മണിശങ്കർക്ക് ലഭിച്ചു.

ഇന്നലെ നറുക്കെടുപ്പിന് ഒരുമണിക്കൂർ മുമ്പ് ഉദിയൻകുളങ്ങര ജംഗ്ഷനിലെ അനശ്വര ലക്കി സെന്ററിൽ നിന്നെടുത്ത പി.ഇസഡ് 455435 എന്ന ടിക്കറ്റിനാണ് സമ്മാനമടിച്ചത്.

ഉദിയൻകുളങ്ങരയിലെ മകം ഹോട്ടൽ ഉടമ കൃഷ്ണൻകുട്ടി വാങ്ങിയ ഇതേ നമ്പരുള്ള ടിക്കറ്റ് മറ്റൊരു സീരിയലിലേതായത് കാരണം ആശ്വാസ സമ്മാനമായി 8,000 രൂപയും ലഭിച്ചു.

മയക്കുമരുന്ന് കടത്ത് കേസ്: കോടതി വിശദീകരണം തേടി

കൊച്ചി: ലഹരി മരുന്ന് കടത്തിയെന്ന കേസിൽ ഖത്തറിൽ ജയിലിലായ മക്കളെ രക്ഷിക്കാൻ അമ്മമാർ നൽകിയ നിവേദനത്തിൽ വിദേശകാര്യ മന്ത്രാലയം സ്വീകരിച്ച നടപടികൾ അറിയിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചു.

കേരളത്തിൽ നിന്ന് ജോലി തേടി ഖത്തറിലേക്ക് പോയ അങ്കമാലി മൂക്കന്നൂർ സ്വദേശി ആഷിക് ആഷ്‌ലി, കോട്ടയം സ്വദേശി കെവിൻ മാത്യു, ചെങ്ങന്നൂർ സ്വദേശി ആദിത്യ മോഹനൻ, കാലടി സ്വദേശി ശരത് ശശി എന്നിവരാണ് ജയിലിലായത്. ഖത്തറിൽ വിമാനമിറങ്ങിയ ഇവരുടെ ലഗേജിൽ ലഹരിമരുന്ന് കണ്ടെത്തിയതോടെ അറസ്റ്റ് ചെയ്യുകയായിരുന്നു.

മക്കൾക്ക് വിസ ശരിയാക്കിക്കൊടുത്തവരാണ് ചതിച്ചതെന്നും ഇവർ നൽകിയ ബാഗിലാണ് ലഹരിമരുന്ന് ഉണ്ടായിരുന്നതെന്നും ചൂണ്ടിക്കാട്ടി അമ്മമാർ നൽകിയ ഹർജിയാണ് ഹൈക്കോടതി പരിഗണിക്കുന്നത്. കേസിൽ സി.ബി.ഐ അന്വേഷണം വേണമെന്നാണ് ഹർജിക്കാരുടെ ആവശ്യം.

ഇതിൽ എതിർപ്പില്ലെന്ന് സർക്കാർ വ്യക്തമാക്കി. ഈ കേസിൽ ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും സർക്കാർ വിശദീകരിച്ചു. യുവാക്കളെ കുടുക്കിയെന്ന കേസിലെ പ്രതികളെ പിടികൂടി നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് നിർദ്ദേശിച്ച ഹൈക്കോടതി ക്രൈംബ്രാഞ്ചിന് ഇവരെ കണ്ടെത്താനാവുമെന്നും വ്യക്തമാക്കി.

പുതിയ കൊറിയർ കമ്പനിയെ ക്ഷണിച്ച് കെ.എസ്.ആർ.ടി.സി

തിരുവനന്തപുരം: നഷ്ടമുണ്ടാക്കിയ കരാർ റദ്ദാക്കിയതിന് പിന്നാലെ പുതിയ കൊറിയർ കമ്പനിക്കായി കെ.എസ്.ആർ.ടി.സി ടെൻഡർ ക്ഷണിച്ചു. ഡിപ്പോകളിൽ സൗജന്യമായി സ്ഥലം അനുവദിക്കുന്നത് ഉൾപ്പെടെ കരാർ വ്യവസ്ഥയിൽ ഒഴിവാക്കി. കൊറിയർ ഏജൻസി ഇനി ഓഫീസിന് സ്ഥലത്തിന് തറവാടക നൽകണം.

5500 ബസുകളിലെ കൊറിയർ ബോക്സുകളാണ് വാടകയ്ക്ക് നൽകുന്നത്. ബോക്സുകളിൽ 10 ശതമാനം സ്ഥലം കോർപറേഷന വേണ്ടി മാറ്റിവച്ചിട്ടുണ്ട്. വരുമാനം അനുസരിച്ച് ലാഭം പങ്കിടുന്ന വ്യവസ്ഥയും ഒഴിവാക്കി.

കൊറിയർ ഇടപാട് സംബന്ധിച്ച് കൃത്യമായ കണക്ക് നൽകാതെ പഴയ ഏജൻസി കബളിപ്പിച്ചെന്നായിരുന്നു വിജിലൻസ് റിപ്പോർട്ട്. എല്ലാ ബസുകളും വിട്ടുനൽകിയിട്ടും രണ്ടു ലക്ഷം രൂപയാണ് മാസം ലഭിച്ചിരുന്നത്. കൊറിയർ ബോക്സ് നിർമ്മിക്കാൻ ചെലവായ തുകയ്ക്കു തുല്യമായ വാടക പോലും ലഭിച്ചില്ല. റീച്ചോൺ ഫാസ്റ്റ് ബസ് കൊറിയർ സർവീസ് എന്ന പേരിൽ അങ്കമാലി ജെ.ജെ അസോസിയേറ്റ്സിനാണ് 2015 മുതൽ കരാർ നൽകിയിരുന്നത്.